(സി) ഇല്ല.

(ഡി) ഇൻകെലും കെ.എസ്.ഐ.ഡി.സി.-യുമായി ചേർന്ന് ആരംഭിച്ച ഇൻകെൽ കെ.എസ്.ഐ.ഡി.സി. പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഇൻഡസ്ട്രീയൽ ഗ്രോത്ത് സെന്റർ സ്ഥലം പാട്ടത്തിനെടുത്തിരിക്കുന്നത്. പ്രസ്തുത കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.-ക്ക് 26% ഓഹരിയും, ഇൻകെലിന് 75% ഓഹരിയുമാണുള്ളത്.

ആലപ്പുഴയിലെ എക്സൽ ഗ്ലാസ്സ് കമ്പനി പൂട്ടിയതു സംബന്ധിച്ച്

195(902) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പാതിരപ്പള്ളിയിൽ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന എക്സൽ ഗ്ലാസ്സ് കമ്പനി കഴിഞ്ഞ കുറേ മാസമായി പൂട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രസ്തുത കമ്പനി പൂട്ടിക്കിടക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സമയത്ത് കെ.എസ്.ഇ.ബി.-ക്ക് 7 കോടിയോളം രൂപയും വിൽപ്പനനികുതി ഇനത്തിൽ 2 കോടിയോളം രൂപയും കുടിശ്ശിക വന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) 7 വർഷം കാലാവധിയുള്ള ഫർണസ് 12 വർഷത്തിലധികം പ്രവർത്തിച്ചതുമൂലം തകരാറിലായതാണ് കമ്പനിയുടെ പ്രവർത്തനം നിലച്ചു പോകാൻ കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കമ്പനി ലോക്ക് ഔട്ട് ആയ സമയത്ത് രോഗികളായ എത്ര തൊഴിലാളികൾ പിരിഞ്ഞുപോയി ; രോഗികളായിട്ടുപോലും നാളിതുവരെയായി ഒരാനുകൂല്യവും അവർക്ക് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കമ്പനി മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008 ജൂലൈ 19-ന് രാത്രി ജനറേറ്ററിന്റെ മധ്യഭാഗത്തുള്ള ഇടിമിന്നി തകർന്നതുമൂലം ഫർണസിന്റെ ക്രൗൺ ആന്റ് മെൽറ്ററിന് കേടുപാടുകൾ സംഭവിച്ചതുകൊണ്ട് കമ്പനിയുടെ പ്രവർത്തനം നിലയ്ക്കുകയും കമ്പനി ലോക്കൗട്ട് ചെയ്യുകയും ചെയ്തു എന്നാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചത്.

(ബി) കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 6,94,42,621 രൂപ നൽകാനുണ്ട്. ഈ കുടിശ്ശിക സംബന്ധിച്ച് കേസ്സുകൾ ബഹു. കേരള ഹൈക്കോടതിയിൽ ഇപ്പോഴും നിലവിലുണ്ട്. 2008-2009 വരെയുള്ള സെയിൽസ് ടാക്സ് സ്റ്റേറ്റ്മെന്റ് തീർപ്പാക്കിയതായി കമ്പനി അറിയിച്ചിട്ടുണ്ട്. പവർ

LIBRARY ARCHIVES Kerala Legislative Assembly

താരിഫ് സംബന്ധിച്ച് ഇളവ് കെ.എസ്.ഇ.ബി. അനുവദിക്കാത്തതാണ് കുടിശ്ശികയ്ക്ക് കാരണമെന്ന് കാണിച്ചാണ് ഹ�ൈക്കോടതിയിൽ മാനേജ്മെന്റ് കേസ് ഫയൽ ചെയ്തിട്ടുള്ളത്. 1994-95 മുതൽ 2004-05 വരെയുള്ള സെയിൽസ് ടാക്സ് നിർണ്ണയം പൂർത്തിയായത് കമ്പനി അടഞ്ഞുകിടന്ന കാലത്താണെന്നും അതിനാലാണ് കുടിശ്ശിക ഉണ്ടായതെന്നും മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(സി) ഫർണസിന്റെ കാലാവധിയും കാലപഴക്കവും സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) കമ്പനി ലോക്ക് ഔട്ട് ആയ സമയത്ത് പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന കാര്യം കമ്പനി തുറന്നു പ്രവർത്തിക്കുന്ന സമയത്ത് പരിഗണിക്കുന്നതാണെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(ഇ) ഉഭയ കക്ഷി ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ തലത്തിൽ ശ്രമം നടന്നു വരികയാണ്.

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

***86(233)** ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) അതിൽ എത്രയെണ്ണം ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ 10 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) SIFL Machining Unit-ന്റെയും, Uduma Hi tech Spinning Mill -ന്റെയും, United Electrical Industries Ltd-ന്റെ LCD Meter Unit-ന്റെയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള താഴെ പറയുന്ന 7 യൂണിറ്റുകൾ ഈ മാസം തന്നെ താഴെ പറയുന്ന തീയതികളിൽ ആരംഭിക്കുന്നതാണ്.

Sl no	company	Name of Unit/ Project	Scheduled dates for inauguration
(1)	(2)	(3)	(4)
1.	Kerala State Textile Corporation Ltd.	Komalapuram Spinning and Weaving Mills, Alappuzha	15-2-2011

LIBRARY ARCHIVES Kerala Legislative Assembly